"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീമതി. ബിജി. എസ്. സീനിയർ സൂപ്രണ്ട് - മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച ഉത്തരവിനെതിരെ സർക്കാരിൽ സമർപ്പിച്ച നിവേദനം തീർപ്പാക്കിയും അപ്രകാരം ഒ.എ (EKM) നം. 1077/2024 -ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09.08.2024 - ലെ ഉത്തരവ് നടപ്പിൽ വരുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1042/2024/ID തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. 25/02/2017-ലെ സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ.
2. ശ്രീമതി. ബിജി.എസ് 16.05.2024-ൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ
3. 28/07/2024-ലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഡിഐസി/12656/2018-ഇഡി3 നമ്പർ നടപടിക്രമം
4. 08/08/2024-ലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഡിഐസി/12656/2018-ഇഡി3 നമ്പർ നടപടിക്രമം
5. ശ്രീമതി. ബിജി.എസ് 09.08.2024-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷ
6. ഒ.എ (EKM) നം. 1077/2024 -ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09.08.2024 - ലെ ഉത്തരവ്
7. വ്യവസായ വാണിജ്യ ഡയറക്ടറുടെ 07/10/2024 10/10/2024 തീയതികളിലെ ഡിഐസി/4530/2024-ഇഡി3 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

വ്യവസായ വാണിജ്യ വകുപ്പിൽ എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി. ബിജി.എസ്-നെ പരാമർശം (3) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നല്കി പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിയമിക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം പരാമർശം (3)-ലെ ഉത്തരവ് ഭേദഗതി വരുത്തി ശ്രീമതി. ബിജി.എസ്-നെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിയമിക്കുകയും ചെയ്തിരുന്നു. അപ്രകാരം വൈക്കം സ്വദേശിയായ വിധവയും വയസായ അമ്മയുടെയും 22 വയസുകാരിയായ മകളുടെയും ഏക ആശ്രയവുമായ തന്നെ വിദൂര ജില്ലയായ മലപ്പുറത്ത് പോസ്റ്റ് ചെയ്തത് പുന:പരിശോധിച്ച് തനിക്ക് ചങ്ങനാശേരി സി.എഫ്.എസ്.സി-യിലോ, കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിലോ അല്ലെങ്കിൽ പരാമർശം (3)-ലെ ഉത്തരവ് പ്രകാരം നിയമനം നല്കിയ പത്തനതിട്ടയിലോ നിയമിക്കണമെന്നാവശ്യപ്പെട്ട് ടിയാരി പരാമർശം (5) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർക്കും സർക്കാരിലും നിവേദനം സമർപ്പിച്ചിരുന്നു. ടിയാരി സമർപ്പിച്ച നിവേദനം

പരിശോധിച്ച് അടിയന്തിര ഉത്തരവ് പുറപ്പെടുവിക്കുവാൻ എതിർ കക്ഷികൾക്ക് നിർദേശം നല്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. ബിജി.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ(EKM) നം.1077/2024 ഫയൽ ചെയ്തിരുന്നു.

2) ഒ.എ(EKM)നം. 1077/2024 -ൽ പരാമർശം (6) -ലെ ഉത്തരവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ടിയാരി പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുള്ള നിവേദനം (Annexure A5) പരിഗണിച്ച് ടിയാരിയെയും 4 മുതൽ 7 വരെ എതിർകക്ഷികളേയും നേരിൽ കേട്ട് 6 ആഴ്ചക്കുള്ളിൽ ഉത്തരവാകണമെന്ന് ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദേശം നല്കിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി അപേക്ഷകയെയും എതിർകക്ഷികളെയും വ്യവസായ വാണിജ്യ ഡയറക്ടറുടെ പ്രതിനിധിയേയും 15.10.2024-ൽ നേരിൽ കേൾക്കുകയുണ്ടായി.

3) ഹിയറിംഗിലും ശ്രീമതി. ബിജി.എസ് ഇതേ ആവശ്യങ്ങൾ തന്നെയാണ് ഉന്നയിച്ചത് എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലി നോക്കിയിരുന്ന തനിക്ക് പരാമർശം (3) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് നിയമനം നൽകുകയും ചെയ്തിരുന്നു. തുടർന്ന് കുറച്ച് ദിവസങ്ങൾക്ക് ശേഷം പരാമർശം (4) -ലെ ഉത്തരവ് പ്രകാരം പരാമർശം (3) -ലെ ഉത്തരവ് പുനക്രമീകരണം നടത്തി തന്നെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് നിയമിക്കുകയുണ്ടായി. വൈക്കം സ്വദേശിയായ താൻ വിധവയാണ്. വീട്ടിൽ പ്രായമായ അമ്മയും 22 വയസുള്ള വിദ്യാർത്ഥിനിയായ മകളുമാണ് ഉള്ളത്. പരാമർശം (4)- ലെ ഉത്തരവിലൂടെ തന്നെ മലപ്പുറത്തേക്ക് സ്ഥലം മാറ്റിയത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും, സ്ഥാനക്കയറ്റം ലഭിക്കുന്നതിന് മുൻപ് പ്രായമായ അമ്മക്ക് പരിചരണം, പെൺകുട്ടിയുടെ സിംഗിൾ പേരന്റ്, വിധവ എന്നീ പരിഗണന നൽകി ചങ്ങനാശ്ശേരി CFSC, കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം എന്നിവിടങ്ങളിൽ എവിടെയെങ്കിലും നിയമനം നൽകണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷ നൽകിയിരുന്നു. എന്നാൽ സ്ഥാനക്കയറ്റ സമയത്ത് ഈ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചുകൊണ്ട് തന്നെ പത്തനംതിട്ടയിൽ നിയമിച്ചത്. എന്നാൽ പരാമർശം (4)-ലെ ഉത്തരവിലും തന്റെ അപേക്ഷ പരിഗണിക്കാതെയാണ് മലപ്പുറത്തേക്ക് നിയമനം നൽകിയത്. ധാരാളം ശാരീരിക വിഷമതകളും അസുഖങ്ങളും ഉള്ള തനിക്ക് മലപ്പുറം വരെ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടെന്നും 8.8.2024-ലെ ഉത്തരവിലൂടെ ശ്രീ.റമീസ് കെ. യു-ക്ക് പത്തനംതിട്ടയിലും ശ്രീമതി. അനിത. പി.എസ് -ന് തൃശ്ശൂർ ജില്ലയിലേയ്ക്കും സ്ഥലം മാറ്റം നല്കുന്നതിന് വേണ്ടിയാണ് തന്നെ മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയതെന്നും കൂടാതെ തന്നെക്കാൾ ജൂനിയർ ആയ ശ്രീമതി. രേഖയ്ക്ക് തന്റെ സ്ഥാനക്കയറ്റ സമയത്ത് സമർപ്പിച്ച അപേക്ഷയിലെ ആവശ്യം മറികടന്ന് ചങ്ങനാശ്ശേരിയിൽ നിയമനം നൽകിയെന്നും ആരോപിച്ചു. പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം അനുവദിക്കുമ്പോൾ വിധവയായ താൻ മുൻഗണന വിഭാഗത്തിൽപ്പെട്ടത് ആണെന്നും സർവ്വീസിൽ സീനിയർ ആയ തന്റെ അപേക്ഷ പരിഗണിക്കാതെ ജൂനിയർ ആയ ആളിന് ചങ്ങനാശ്ശേരി CFSC യിൽ നിയമനം നൽകിയതെന്നും ആരോപിച്ചു. ആയതിനാൽ തന്നെ ചങ്ങനാശ്ശേരി CFSC യിലോ കോട്ടയത്തോ കുറഞ്ഞപക്ഷം പത്തനംതിട്ടയിലോ നിലനിർത്തണമെന്നും അഭ്യർത്ഥിച്ചു.

4) ഹിയറിംഗ് സമയത്ത് എതിർ കക്ഷികടെ വാദങ്ങൾ താഴെ പറയും പ്രകാരമായിരുന്നു.

അനിത.പി.എസ് (4-ാം എതിർകക്ഷി)

തൃശ്ശൂർ ജില്ലയിലെ മാള സ്വദേശിയാണ്. പഠനകാലം മുതൽക്കെ "അക്കലേഷ്യ കാർഡിയ" അസുഖത്തിലാണെന്നും 2 പ്രാവശ്യം സർജ്ജറി കഴിഞ്ഞിട്ടുണ്ടെന്നും ധാരാളം ശാരീരിക അവശതകൾ ഉണ്ടെന്നും പരാമർശം (1) ഉത്തരവിലെ മുൻഗണന വിഭാഗത്തിൽപ്പെട്ട പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗം, പ്രവാസിയുടെ ഭാര്യ എന്നിവ പരിഗണിച്ച തന്നെ തൃശ്ശൂർ ജില്ലയിലേയ്ക്ക് മാറ്റിയ നടപടി ശരിവയ്ക്കണമെന്നും ആവശ്യപ്പെട്ടു.

റമീസ്.കെ.യു (5-ാം എതിർ കക്ഷി)

05.07.2023- ൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലേയ്ക്ക് നിയമനം നൽകിയിരുന്നു. ആലപ്പുഴ സ്വദേശിയായ താൻ ചങ്ങനാശ്ശേരി CFSC, പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം, എർണാകുളം ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം എന്നീവയിലേതിലേയ്ക്കെങ്കിലും സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയിരുന്നു. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം തന്നെ യഥാക്രമം തൃശ്ശൂരേക്കും പിന്നീട് പത്തനംതിട്ടയിലേക്കും സ്ഥലംമാറ്റം നൽകിയിരുന്നു. തന്റെ സ്വന്തം ജില്ലയ്ക്ക് സമീപമുള്ള സി.എഫ്.എസ്.സി. ചങ്ങനാശ്ശേരിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും അല്ലാത്ത പക്ഷം പത്തനംതിട്ടയിലേയ്ക്ക് സ്ഥലം മാറ്റിയ ഉത്തരവ് നിലനിർത്തണമെന്നും ആവശ്യപ്പെട്ടു.

രേഖ.എസ് (ആറാം എതിർക്ഷി)

തിരുവനന്തപുരം സ്വദേശിയായ താൻ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ചങ്ങനാശ്ശേരി സി.എഫ്.എസ്.സി. യിൽ നിയമനം ലഭിച്ചത് നിലനിർത്തണമെന്ന് ആവശ്യപ്പെട്ടു.

സുനി ജോർജ്ജ് (7-ാം എതിർകക്ഷി)

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ 6 വർഷത്തോളം ജൂനിയർ സൂപ്രണ്ടായ തനിക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ ആണ് തന്റെ മാതൃജില്ലയായ കോട്ടയത്തേക്ക് സ്ഥലംമാറ്റം ലഭിച്ചതെന്നും പെൻഷൻ ആകാൻ മൂന്ന് വർഷം മാത്രമുള്ള തന്നെ കോട്ടയത്ത് നിലനിർത്തണമെന്നും ആവശ്യപ്പെട്ടു.

5) പ്രസ്തുത വിഷയത്തിൽ പരാമർശം (7)-ലെ റിപ്പോർട്ട് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ചുവടെ ചേർക്കുംവിധം അഭിപ്രായം രേഖപ്പെടുത്തി.

സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ 25.06.2024-ൽ നൽകിയ നിവേദനത്തിലെ കാര്യങ്ങൾ പരിഗണിച്ച് തനിക്ക് ചങ്ങനാശ്ശേരി സി.എഫ്.എസ്.സി.-

യിലേക്കോ, കോട്ടയത്തേക്കോ നിയമനം നൽകണമെന്ന ശ്രീമതി. ബിജി.എസ്-ന്റെ ആവശ്യം പരിഗണിക്കാൻ കഴിഞ്ഞില്ല. സ്ഥാനക്കയറ്റ സമയത്ത് ഇത്തരം അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്നതിനാലാണ് ശ്രീമതി.ബിജി.എസ് ആവശ്യപ്പെട്ട സ്ഥലത്ത് സ്ഥലംമാറ്റം അനുവദിക്കാതിരിക്കുകയും പത്തനംതിട്ടയ്ക്ക് സ്ഥലം മാറ്റം നൽകുകയും ചെയ്തത്. 28.07.2024-ലെ ഉത്തരവിൽ സ്ഥാനക്കയറ്റം വഴി മലപ്പുറത്തേക്ക് സ്ഥലംമാറ്റപ്പെട്ട ശ്രീമതി. അനിത.പി.എസ് - ന് ആരോഗ്യപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ നിവേദനവും ടിയാരി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നൽകിയ കേസിലെ വസ്തുതകളും പരിഗണിച്ച് തൃശ്ശൂർ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയും തത്ഫലമായി അവിടെ നിന്നും ശ്രീ. റമീസിന് പത്തനംതിട്ടയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടിവന്നു. അതിന്റെ ഫലമായി ഒഴിവ് വന്ന മലപ്പുറത്തേയ്ക്ക് ബിജി.എസ്- ന് സ്ഥലംമാറ്റം നൽകി 08.08.2024 ൽ പുനക്രമീകരിച്ച് ഉത്തരവ് ആകേണ്ടിവന്നു. ചങ്ങനാശ്ശേരി സി.എഫ്.എസ്.സി., കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഒഴിവ് ഉണ്ടാകുമ്പോൾ ഇനി ശ്രീമതി ബിജി.എസ്- ന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

6) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ പ്രായമായ അമ്മയുടെ പരിചരണം, ഒറ്റ പെൺകുട്ടിയുടെ സിംഗിൾ പേരന്റ്, വിധവ എന്നീ പരിഗണന നൽകി ചങ്ങനാശ്ശേരി സി.എഫ്.എസ്.സി, കോട്ടയം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എവിടെയെങ്കിലും സ്ഥലം മാറ്റം അനുവദിക്കണമെന്ന് ശ്രീമതി. ബിജി. എസ് ആവശ്യപ്പെട്ടിരുന്നു. കൂടാതെ ക്രമ നമ്പർ ഒന്നിൽപ്പെട്ട അനിത.പി.എസ്- ന് ഗുരുതരമായ അസുഖങ്ങൾ നേരിടുന്നതിനാൽ തൃശ്ശൂർ ജില്ലയിലേയ്ക്ക് സ്ഥാനക്കയറ്റ സമയത്ത് സ്ഥലം മാറ്റം വേണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ സ്ഥാനക്കയറ്റം നേരിടുന്ന വ്യക്തി ഏതെങ്കിലും പ്രത്യേക ലാവണം ആവശ്യപ്പെട്ടാൽ ആയത് പരിഗണിക്കേണ്ടതില്ല എന്നതിനാൽ സെലക്ട് ലിസ്റ്റിൽ ക്രമ നം.1 ആയ അനിത.പി.എസ്-ന്റെയും ക്രമ നം.3-ആയ ശ്രീമതി. ബിജി.എസ്-ന്റെയും അപേക്ഷകൾ നിരസിക്കുകയും പരാമർശം (3) പ്രകാരം ടിയാളുകളെ യഥാക്രമം മലപ്പുറം, പത്തനംതിട്ട ജില്ലകളിലേക്ക് നിയമനം നൽകുകയും ചെയ്തിരുന്നു. ശ്രീമതി. ബിജി. എസ് സ്ഥലം മാറ്റം ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക് ടിയാരിയുടെ അപേക്ഷ പരിഗണിക്കാതെ ജൂനിയർ ആയ രേഖ.എസ്, സുനി ജോർജ്ജ് എന്നിവർക്ക് നിയമനം നൽകുകയും ചെയ്തു. തുടർന്ന് പരാമർശം (3)-ലെ ഉത്തരവ് പുനക്രമീകരിച്ചുകൊണ്ട് പരാമർശം (4) -ലെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിൽ സ്ഥലംമാറ്റ സമയത്തെ നിയമനത്തിനുള്ള അവകാശവാദം പരിഗണിക്കണ്ട എന്ന വ്യവസ്ഥ മറികടന്നുകൊണ്ട് ശ്രീമതി. അനിത.പി.എസ്- ന് അനുകമ്പാർദ്രമായ കാരണങ്ങളാൽ തൃശ്ശൂരിലേക്ക് സ്ഥലം മാറ്റം അനുവദിക്കുകയും തൃശ്ശൂരിൽ നിന്ന് ശ്രീ. റമീസിന് ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെടാത്ത പത്തനംതിട്ടയിലേയ്ക്ക് സ്ഥലം മാറ്റുകയും പത്തനംതിട്ടയിൽ നിന്ന് ശ്രീമതി. ബിജി.എസ്-നെ മലപ്പുറത്തേക്കും സ്ഥലം മാറ്റുകയും ചെയ്തത്. പരാമർശം (4) പ്രകാരം അനുകമ്പാർദ്രമായ സാഹചര്യത്തിൽ ശ്രീമതി. അനിത.പി.എസ്-ന്റെ അപേക്ഷ പരിഗണിക്കുകയും സമാനമായ compassionate ground (വിധവയും ഏക പെൺകുട്ടിയുടെ അമ്മ, ആശ്രിത നിയമനം വഴി ഉദ്യോഗം ലഭിച്ചയാൾ) ഉള്ള ശ്രീമതി. ബിജി.എസ്- ന്റെ അപേക്ഷ പരിഗണിക്കാതെ ഇരിക്കുകയും വീണ്ടും വിദൂരമായ സ്ഥലമായ മലപ്പുറത്തേക്ക് സ്ഥലം മാറ്റം നടത്തുകയും ചെയ്തിട്ടുള്ളത് അനുചിതമാകയാൽ പരാമർശം (4)-ലെ ഉത്തരവിൽ ശ്രീമതി.

ബിജി.എസ് സീനിയർ സൂപ്രണ്ടിനെ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റിയ നടപടി റദ്ദ് ചെയ്ത് ടിയാരിയെ പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലനിർത്താനോ അപ്രകാരം സാധ്യമല്ലാത്ത പക്ഷം പരാമർശം (2) പ്രകാരം ടിയാരി സമർപ്പിച്ച അപേക്ഷയിലെ ആവശ്യം പരിഗണിച്ച് അനുകൂല തീരുമാനം കൈക്കൊള്ളുവാനും അതിനനുസൃതമായി മറ്റ് സ്ഥലമാറ്റങ്ങൾ ക്രമീകരിക്കുന്നതിനും വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6)-ലെ വിധി നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എർണാകുളം (ആമുഖ കത്ത് സഹിതം)
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 26-10-2024 16:00:04
സെക്ഷൻ ഓഫീസർ